# കേരള സർവകലാശാല

നം. പി.ആർ.118/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഇന്നത്തെ (05.07.2016) ബി.എ/ബി.എസ്‌സി പരീക്ഷ മാറ്റി

കേരള സർവകലാശാല ഇന്ന് (05.07.2016) നടത്താനിരുന്ന രണ്ടാം വർഷ ബി.എ/ബി.എസ്‌സി (ആന്വൽ സ്കീം - പാർട്ട് രണ്ട്) - അഡീഷണൽ ലാംഗ്വേജ് പേപ്പർ മൂന്ന് പരീക്ഷ ജൂലൈ 20-ന് ഉച്ചയ്ക്ക് ശേഷം 1.30 മുതൽ 4.30 വരെ നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### ലക്ചറർ ഒഴിവ്

കേരള സർവകലാശാല പുനലൂർ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ എട്ട് വൈകുന്നേരം അഞ്ച് മണിവരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

*(അടിക്കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### എം.എ/എം.എസ്‌സി/എം.കോം/എം.എസ്.ഡബ്ല്യു/ എം.ടി.എ/എം.പി.എ പരീക്ഷ

കേരള സർവകലാശാല 2016 ആഗസ്റ്റ് 17-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്‌സി/ എം.കോം/ എം.എസ്.ഡബ്ല്യു/ എം.ടി.എ/ എം.പി.എ പരീക്ഷകൾക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 14 (50 രൂപ പിഴയോടെ ജൂലൈ 18, 250 രൂപ പിഴയോടെ ജൂലൈ 21) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) നോട്ടിഫിക്കേഷൻസ് എന്ന ലിങ്കിൽ ലഭിക്കും.

### ബി.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (റഗുലർ - സി.ബി.സി.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 18 വരെ അപേക്ഷിക്കാം.

### എം.എസ്‌സി പ്രാക്ടിക്കൽ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 12-ന് അതത് കേന്ദ്രങ്ങളിൽ തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ കമ്പ്യൂട്ടർ സയൻസ് പ്രവേശനം

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ പുതുതായി തുടങ്ങുന്ന എം.ഫിൽ കമ്പ്യൂട്ടർ സയൻസ് കോഴ്സിന് അപേക്ഷ

ക്ഷണിച്ചു. യോഗ്യത : കമ്പ്യൂട്ടർ സയൻസിലോ അനുബന്ധ വിഷയങ്ങളിലോ 60% മാർക്കോടെ ബിരുദാനന്തര ബിരുദം. യോഗ്യത പരീക്ഷയുടെയും പ്രവേശനപ്പരീക്ഷയുടെയും അടിസ്ഥാനത്തിലാണ് പ്രവേശനം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 20.

## വിമൻസ് ഹോസ്റ്റൽ പ്രവേശനം : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ കീഴിലെ തൈക്കാട് യൂണിവേഴ്സിറ്റി വിമൻസ് ഹോസ്റ്റൽ പ്രവേശനത്തിന് ഗവ. കോളേജ് ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷഫോറം തൈക്കാട് വിമൻസ് ഹോസ്റ്റലിൽ ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ എട്ട്. പ്രൊവിഷണൽ ലിസ്റ്റ് ജൂലൈ 21-ന് പ്രസിദ്ധീകരിക്കും. അന്തിമപട്ടിക ജൂലൈ 23-ന് പ്രസിദ്ധീകരിക്കും. ജൂലൈ 28-ന് പ്രവേശനം നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ പത്താം സെമസ്റ്റർ ബി.ആർക് (തീസിസ് & വൈവ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
04.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in